DESPATCHED
On.22.1.2020

09/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.2826(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.17208/SIC-Gen 2/2014**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

അഡ്വ. എ. സലീം,
അറഫ,
ജില്ലാ ജയിലിന് സമീപം,
കൊല്ലം – 691 009. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
(കേന്ദ്ര സ്ഥാനം) & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
കെ.എസ്.ആർ.ടി.സി,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട് പി.ഒ.,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി & ഡെപ്യൂട്ടി ചീഫ്
അക്കൗണ്ട്സ് ഓഫീസർ,
കെ.എസ്.ആർ.ടി.സി,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട് പി.ഒ.,
തിരുവനന്തപുരം. } എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക് 16.04.2014ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ 26 ഇന ചോദ്യങ്ങളാണ് ഉന്നയിച്ചിരുന്നത്. ഇതിന് വ്യക്തമായ മറുപടി ലഭിച്ചില്ല എന്നതാണ് ടിയാൻ 05.11.14ൽ കമ്മീഷന് സമർപ്പിച്ച പരാതിയിൽ പറയുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് 06.12.14ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതേ തുടർന്ന് ഒന്നാം എതിർകക്ഷി 05.01.2015ൽ വിശദമായ റിപ്പോർട്ട് സമർപ്പിച്ചു. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ എസ്.പി.ഐ.ഒ.യുടെ പക്കൽ ഉണ്ടായിരുന്നതല്ലെന്നും, അതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വിജിലൻസ് വിഭാഗം, മാനേജർ, അക്കൗണ്ട്സ് ഇൻ ചാർജ്ജ് ഓഫ് EDP വിഭാഗം, സൂപ്രണ്ട് ജനറൽ വിഭാഗം, സൂപ്രണ്ട് സുൽത്താൻബത്തേരി മുഖ്യ കാര്യാലയത്തിലെ ഓഡിറ്റ് ഓഫീസർ OAD വിഭാഗം എന്നിവടങ്ങളിലെ SPIO മാർക്ക് അപേക്ഷയുടെ പകർപ്പ് അയച്ചുകൊടുത്തുവെന്നും, അവിടങ്ങളിൽ നിന്നുള്ള മറുപടികൾ ലഭിച്ചുവെന്നും റിപ്പോർട്ടിൽ പറഞ്ഞു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലുള്ള മറുപടി 05.06.14ൽ

അപേക്ഷകന് അയച്ചുകൊടുത്തുവെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. അയച്ചു കൊടുത്ത മറുപടിയുടെ പകർപ്പും റിപ്പോർട്ടിനൊപ്പം ടിയാൻ ഹാജരാക്കി.

3. ഇതിനുശേഷം കമ്മീഷൻ 09.01.2020ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹിയറിങ്ങിൽ പങ്കെടുത്തു.

4. ഒന്നാം എതിർകക്ഷി ഹിയറിങ് വേളയിലും വിശദമായ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ ഹാജരാക്കി. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3, 10, 11, 12, 22, 23 എന്നീ ഇനങ്ങളിലെ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പ്രധാന ആക്ഷേപമെന്ന് ഒന്നാം എതിർകക്ഷി ഹിയറിങ്ങിൽ പറഞ്ഞു. ഈ ചോദ്യങ്ങൾക്കുള്ള വിവരങ്ങളുമായി ബന്ധപ്പെട്ട ഫയൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിലിരിക്കുന്ന കേസുമായി ബന്ധപ്പെട്ടതായതു കൊണ്ട്, പ്രസ്തുത വിവരങ്ങൾ വെളിപ്പെടുത്തുന്നത് അന്വേഷണത്തെ ബാധിക്കു മെന്നതുകൊണ്ടാണ് വിവരാവകാശ നിയമം 8(1)h പ്രകാരം നൽകാൻ കഴിയില്ലെന്ന് അപേക്ഷകനെ അറിയിച്ചതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. കേസ് ഇപ്പോഴും വിജിലൻസിന്റെ പക്കലാണെന്നും, കമ്പ്യൂട്ടർ ഹാർഡ് ഡിസ്കടക്കം വിജിലൻസിന്റെ കൈവശമാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ടിയാൻ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ജനുവരി മാസം 9–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**അഡീഷണൽ സെക്രട്ടറി (നിയമം)**

gk.